തെരഞ്ഞെടുപ്പിന്റെ രാഷ്ട്രീയം

**തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്ന രാഷ്ട്രീയ കക്ഷികളോ മുന്നണികളോ ഒരു പ്രദേശിക വികസന മാനിഫെസ്റ്റോ മുന്നോട്ട് വയ്ക്കണമെന്നും ജനകീയ ഗ്രാമസഭകൾ വിളിച്ചു ചേർത്ത് ഓരോ മുന്നണികളും തങ്ങൾക്ക് മാനിഫെസ്റ്റോയിൻമേലുള്ള ഉത്തരവാദിത്വം ഉറപ്പാക്കണമെന്നും ഈ മാനിഫെസ്റ്റോ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനമാകണമെന്നും നിരീക്ഷിക്കുന്നു പരിഷത്തിലെ**

**അഡ്വ. കെ.പി. രവിപ്രകാശ്**

# രാഷ്ട്രീയ പാർട്ടികൾക്ക് വികസന മാനിഫെസ്റ്റോ വേണം

അടുത്ത രണ്ട് മാസത്തിനകം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുതിയ ഭരണ നേതൃത്വം ഉണ്ടാകും. ഇത്തവണ നേതൃത്വത്തിൽ 50% ത്തിലധികം സ്ത്രീകൾ ഉണ്ടാകും എന്ന പ്രത്യേകത കൂടി ഉണ്ട്. അധികാര വികേന്ദ്രീകരണത്തോടൊപ്പം ജനകീയാസൂത്രണം കൂടി നടപ്പിലാക്കിയ സംസ്ഥാനം എന്ന നിലക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾക്ക് മറ്റ് സംസ്ഥാനങ്ങളിലേതിനേക്കാൾ വളരെ ഏറെ പ്രാധ്യാന്യമുണ്ട്. ജനങ്ങൾ തെരഞ്ഞെടുപ്പിൽ രണ്ട് തരത്തിലാണ് ഇടപെടുക. ഒന്ന് ഒരു സ്പോർട്സ് മാൻ സ്പിരിറ്റിന്റെ അടിസ്ഥാനത്തിൽ. രണ്ട് മുൻപഞ്ചായത്ത് പ്രവർത്തനങ്ങളെ ശരിയായ രീതിയിൽ വിലയിരുത്തിക്കൊണ്ട്. ഇതിൽ ആദ്യ വിഭാഗക്കാരാണ് ഭൂരിപക്ഷം. രണ്ടാം വിഭാഗം താരതമ്യേന ന്യൂനത്തിൽ ന്യൂനപക്ഷക്കാരാണ്. ആദ്യ വിഭാഗക്കാർ വ്യക്തമായ കക്ഷിരാഷ്ട്രീയത്തിൽ ഉള്ളവരായിരിക്കും. ഇവർ നാട്ടിലെ പ്രവർത്തനങ്ങളെ സമഗ്രമായി വിലയിരുത്തിക്കൊണ്ടല്ല തീരുമാനത്തിൽ എത്തിച്ചേരുക. അവർക്ക് തന്റെ കക്ഷി തന്നെയാണ് പ്രധാനം. എന്ത് തന്നെയായാലും തന്റെ കക്ഷി തന്നെ ജയിക്കണം. ഒരു പക്ഷെ തന്റെ കക്ഷിയുടെ ചില്ലറ തെറ്റുകളൊക്കെ അവർ മനസ്സിലാക്കിയിരിക്കും. എങ്കിലും തിരഞ്ഞെടുപ്പ് വരുമ്പോൾ അതൊക്കെ പൊറുക്കും. ഇവിടെ ഒരു വിശാല മനസ്കത ഈ വിഭാഗത്തിന് ഉണ്ടാകും. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മുൻപഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി, നേട്ട കോട്ട വിശ്ലേഷണം നടത്തി വേണം പുതിയ ഭരണ സമതിയെ തെരഞ്ഞെടുക്കാൻ എന്നാണ് എന്റെ പക്ഷം. അതായത് ഞാൻ രണ്ടാം വിഭാഗത്തിൽപെട്ട ന്യൂനപക്ഷത്തിലെ അംഗമാകാൻ ആഗ്രഹിക്കുന്നു. ഇവർ എന്നെങ്കിലും ഭൂരിപക്ഷം നേടും എന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. അപ്പോൾ ആദ്യ വിഭാഗം രണ്ടാം വിഭാഗത്തിന് കീഴ്പ്പെടും. അപ്പോഴേ അധികാര വികേന്ദ്രീകരണത്തിന്റെ സാമാന്യ ലക്ഷ്യങ്ങൾ ആയ പങ്കാളിത്ത ജനാധിപത്യം, ജനശാക്തീകരണം, പ്രദേശിക സമ്പദ്വ്യവസ്ഥയുടെ വികസനം എന്നിവ സാർത്ഥകമാവുകയുള്ളൂ.

ജനാധിപത്യവും സുതാര്യതയുമാണ് അധികാര വികേന്ദ്രീകരണത്തിന്റെ അ

ന്തസത്ത. അത് എത്രമാത്രം നമ്മുടെ പ്രദേശത്തിന് പ്രാവർത്തികമാക്കാൻ കഴിഞ്ഞു എന്ന പരിശോധന ഈ തിരഞ്ഞെടുപ്പ് കാലത്ത് നടക്കേണ്ട ഒരു പ്രധാന വിലയിരുത്തലാണ്. നോട്ടീസു കൊടുത്തിട്ടും ജനങ്ങൾ പങ്കെടുത്തിട്ടില്ല എന്ന വിലയിരുത്തലല്ല വേണ്ടത്. മറിച്ച് എന്തു കൊണ്ടാണ് ഗ്രാമസഭയിൽ വരാത്തത് എന്ന വിലയിരുത്തലാണ് നടക്കേണ്ടത്. ഗ്രാമസഭാ പങ്കാളിത്തം 10% വേണം എന്നാണ് നിബന്ധന. എന്നാൽ യഥാർത്ഥത്തിൽ 50 പേരിൽ താഴെയെന്നാണ് ഡോ. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് വിലയിരുത്തിന്നു. ഗ്രീൻ കേരള എക്സ്പ്രസ് എന്ന ടി.വി പരിപാടിയിൽ പോലും നല്ലനിലയിൽ ഗ്രാമസഭകൾ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള പഞ്ചായത്തുകൾ ഉണ്ടായില്ല.

**പൊതുജനങ്ങൾ വെറുതേ ഗ്രാമസഭയിലേക്ക് വരില്ല. ഗ്രാമസഭയിൽ പങ്കെടുക്കേണ്ട ഒരു ആവശ്യ ബോധം അവർക്ക് ഉണ്ടാകണം. അങ്ങിനെ ഉണ്ടാകണമെങ്കിൽ അവർക്ക് അവിടെ ഒരു റോൾ നിർവഹിക്കാൻ കഴിയണം. ഇപ്പോൾ അവർക്ക് അവിടെ ഒരു റോളുമില്ല. അതുകൊണ്ട് പങ്കെടുക്കുന്നില്ലായെന്നു മാത്രം. ഇതായിരുന്നില്ല 9 – ാം പദ്ധതിയിലെ സ്ഥിതി. അന്ന് നല്ലൊരു വിഭാഗം ജനങ്ങൾ ഗ്രാമസഭയിൽ പങ്കെടുത്തിരുന്നു. ഏറ്റവും ചുരുങ്ങിയത് സാമൂഹ്യ പ്രവർത്തകരുടെ നല്ലൊരു പങ്കാളിത്തം ഗ്രാമസഭയിൽ പ്രതിഫലിച്ചിരുന്നു. 10 – ാം പദ്ധതിക്കാലത്ത് ഈ കൂട്ടായ്മ തകരുകയും തദ്ദേശ ഭരണ പ്രവർത്തനം ജനകീയത നഷ്ടപ്പെട്ട് വ്യവസ്താപിതമാവുകയും ചെയ്തു.**

പൊതുജനങ്ങൾ ചുമ്മാ ഗ്രാമസഭയിലേക്ക് വരില്ല. ഗ്രാമസഭയിൽ പങ്കെടുക്കേണ്ട ഒരു ആവശ്യ ബോധം അവർക്ക് ഉണ്ടാകണം. അങ്ങിനെ ഉണ്ടാകണമെങ്കിൽ അവർക്ക് അവിടെ ഒരു റോൾ നിർവഹിക്കാൻ കഴിയണം. ഇപ്പോൾ അവർക്ക് അവിടെ ഒരു റോളുമില്ല. അതുകൊണ്ട് പങ്കെടുക്കുന്നില്ലായെന്നു മാത്രം. ഇതായിരുന്നില്ല 9– ാം പദ്ധതിയിലെ സ്ഥിതി എന്നു നാം മനസ്സിലാക്കണം. അന്ന് നല്ലൊരു വിഭാഗം ജനങ്ങൾ ഗ്രാമസഭയിൽ പങ്കെടുത്തിരുന്നു. ഏറ്റവും ചുരുങ്ങിയത് സാമൂഹ്യ പ്രവർത്തകരുടെ നല്ലൊരു പങ്കാളിത്തം ഗ്രാമസഭയിൽ പ്രതിഫലിച്ചിരുന്നു. അവർ അവിടെ വന്നതും ക്രിയാത്മകമായി ചർച്ചകളിൽ പങ്കെടുത്തതും തങ്ങളുടെ പ്രദേശത്തെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുക എന്ന ഉദ്ദേശ്യത്തോടെയായിരുന്നു. ഓരോ ഗ്രാമപഞ്ചായത്തിന്റേയും പ്രവർത്തനങ്ങളിൽ ഒരു വിഷൻ ഉണ്ടാക്കിയെടുക്കാൻ 9–ാം പദ്ധതിക്കാലത്ത് കഴിഞ്ഞുവെന്നത് തർക്കമറ്റ വിഷയമാണ്. 10–ാം പദ്ധതിക്കാലത്ത് ഈ കൂട്ടായ്മ തകരുകയും തദ്ദേശ ഭരണ പ്രവർത്തനം ജനകീയത നഷ്ടപ്പെട്ട് വ്യവസ്താപിതമാവുകയും ചെയ്തു. ഒരു ഭരണ മാറ്റം ഉണ്ടായതുകൊണ്ടു മാത്രമാണോ ഇത് സംഭവിച്ചത്? പരിശോധിക്കേണ്ടതാണ്. എന്തായാലും ഭരണമാറ്റത്തിലൂടെ ജനാധിപത്യത്തേയും ഗ്രാമസഭകളേയും മരവിപ്പിക്കാനുള്ള യാതൊരു തീരുമാനവും ഉണ്ടായതായി അറിവില്ല. നല്ലൊരു വിഭാഗം പഞ്ചായത്തുകളും ജനകീയാസൂത്രണം കൊണ്ടുവന്ന കക്ഷിയുടെ നേതൃത്വത്തിലായിരുന്നിട്ടും, 11–ാം പദ്ധതിയിൽ വീണ്ടും ഭരണമാറ്റം സംഭവിച്ചിട്ടും ഇപ്പോഴും ഗ്രാമസഭകളുടെ സ്ഥിതി തഥൈവ. ഒരു രാഷ്ട്രീയ തീരുമാനത്തേക്കാൾ ഒരു ബ്യൂറോക്രാറ്റിക്ക് തീരുമാനം ജനകീയമാക്കുന്നതിന്റെ എല്ലാ പരിമിതികളും അതിനുണ്ടായിരുന്നു. അതുതന്നെയാണ് ഇപ്പോഴും ഗ്രാമസഭകൾ സജീവമാകാത്തതിന്റെ കാരണവവും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക ഗവൺമെന്റുകളാണെന്ന ബോധ്യം ഇപ്പോഴും ഉണ്ടായി വന്നിട്ടില്ല. വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, മൃഗപരിപാലനം, മണ്ണ് ജല സംരക്ഷണം, ചെറുകിട വ്യവസായം എന്നീ രംഗങ്ങളിൽ ദീർഘവീക്ഷണത്തോടു കൂടിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് പ്രാദേശിക ഗവൺമെന്റുകൾക്ക് കഴിയും. ഇത്തരത്തിലൊരു വികസനക്കൂട്ടായ്മ സൃഷ്ടിച്ചെടുക്കുന്നതിൽ 10–ാം പദ്ധതി മുതൽപരാജയപ്പെട്ടു എന്നുള്ളതാണ് ജനകീയാസൂത്രണത്തിന്റെ ഏറ്റവും വലിയ പോരായ്മ. വികസന രേഖ, പദ്ധതിരേഖ, പദ്ധതി രൂപീകരിക്കൽ, ജനകീയ ചർച്ചകൾ, പദ്ധതി ഉണ്ടാക്കൽ, പദ്ധതി നടപ്പിലാക്കൽ, വിലയിരുത്തൽ തുടങ്ങിയ പ്രവർത്തനങ്ങളിലെ ജനകീയതതും, സുതാര്യതയും നഷ്ടപ്പെട്ടു. പ്രാദേശിക ഭരണസമിതിയും ഉദ്യോഗസ്ഥരും നടപ്പിലാക്കുന്ന ഒരു ഏർപ്പാടായിമാറിയിരിക്കുകയാണ് ഇന്ന് ജനകീയാസൂത്രണം. അവരുടെ മാത്രം കഴിവിലും കഴിവു കേടിലും ഒതുങ്ങുന്നു പ്രാദേശീയഭരണവും ആസൂത്രണവും. അസംബ്ലിയിലേക്കും പാർലമെന്റിലേക്കും പ്രതിനിധികളെ തിരഞ്ഞെടുത്തയക്കുന്നതിൽ ഒതുങ്ങുന്നു നമ്മുടെ ജനാധിപത്യബോധം. പ്രദേശീക തെരഞ്ഞെടുപ്പുകളുടെ കാര്യത്തിലും ഇതുവ്യത്യസ്തമാകുന്നില്ല എന്നതിലേക്ക് എത്തിച്ചേരുന്നു എന്നതാണ് സമകാലീന അനുഭവം.

## ഡോ. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടും വികേന്ദ്രീകൃത ആസൂത്രണവും

കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണ അനുഭവങ്ങളെ പഠിച്ച് വിലയിരുത്തി പുതിയ നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുവാൻ പ്രശസ്ത സാമ്പത്തിക വിദഗ്ധനായ ഡോ. എം. എ ഉമ്മന്റെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി 2009 ൽ തന്നെ അവരുടെ പഠന റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തു. കമ്മിറ്റിയുടെ പ്രധാന കണ്ടെത്തലുകൾ താഴെ പറയുന്നവയാണ്.

1. ഉത്പാദനമേഖലക്ക് പദ്ധതി വിഹിതത്തിന്റെ 40% തുക ചെലവഴിക്കണമെന്ന് നിർദ്ദേശമുണ്ടെങ്കിലും 9 ഉം10 ഉം പദ്ധതിയിൽ ശരാശരി ചെലവഴിച്ചത് 20% ത്തിൽ താഴെയാണ്.

2. സേവനമേഖലയുടെ നിയന്ത്രണം 30% ആയിരിക്കമ്പോൾചെലവഴിച്ചത് 60 % ത്തിൽ അധികമായിരുന്നു. ഇത് നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള മെഷിനറി ശക്തമായിരുന്നില്ല.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം വരുമാനം പിരിച്ചെടുക്കുന്നതിലും വർദ്ധിപ്പിക്കുന്നതിലും കാര്യക്ഷമത കാണിക്കുന്നില്ല.

4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം ബജറ്റ് ഉണ്ടാക്കുന്നുണ്ടെങ്കിലും ഒരു തദ്ദേശ ഗവൺമെന്റ് എന്ന നിലയിൽ ബജറ്റിനെ കാണാനും ഒരു സാമ്പത്തിക മാനേജ്മെന്റിനുള്ള ഉപകരണമായി ബജറ്റിനെ ഉപയോഗപ്പെടുത്താനും ശ്രമിക്കുന്നില്ല. അതുകൊണ്ട് പ്ലാൻ വരവും ചെലവും കൃത്യമായി അക്കൗണ്ട് ചെയ്യുമ്പോൾ സ്വന്തം പഞ്ചായത്തിലെ ബജറ്റു വരവും ചെലവുമായി യഥാർത്ഥ വരവു- ചെലവിനെ താരതമ്യം ചെയ്യാനും വിശകലനം ചെയ്യാനും മെനക്കെടുന്നില്ല.

5. 9-ാം പദ്ധതിക്കാലത്ത് ഉണ്ടായ ഗുണഭോകത്രസമിതി, പ്രാദേശിക വിഭവസമാഹരണം തുടങ്ങിയ ജനകീയ മുന്നേറ്റങ്ങൾ ഇല്ലാതാക്കി കരാർ രാജിലേക്കും ഉദ്യോഗസ്ത നിയന്ത്രണങ്ങളിലേക്കും പദ്ധതി നടത്തിപ്പിനെ മാറ്റിത്തീർത്തു.

6. പണം പ്രദേശീക തലത്തിൽ വന്നതു കൊണ്ടുമാത്രം കാർഷിക ഉത്പാദനം വർദ്ധിപ്പിക്കാൻ കഴിയില്ല എന്നതാണ് ജനകീയാസൂത്രണ അനുഭവം. വളരെ ചെറിയ തോതിലുള്ള ഉത്പാദന വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 9-ാം പദ്ധതിയേക്കാൾ കുറഞ്ഞ നിരക്കിലുള്ള ഉത്പാദന വർദ്ധനവാണ് 10-ാം പദ്ധതിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

7. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഏകോപനമില്ലായ്മ കൃഷിഭവനുകളുടെ കാര്യക്ഷമതക്കുറവ് എന്നിവ പ്രാദേശീക കാർഷിക വികസനത്തെ വലിയതോതിൽ ബാധിക്കുന്നുണ്ട്.

8 .വികസന റിപ്പോർട്ടും വികസന സെമിനാറുകളും കാര്യക്ഷമമാകുന്നില്ല. മുൻകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ പുതിയ കാര്യങ്ങളും പുതിയ രീതികളും വികസിപ്പിച്ച് മുന്നോട്ടു പോകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രമിക്കുന്നില്ല.

9. പദ്ധതി ഉണ്ടാക്കുന്ന വർക്കിങ്ങ് ഗ്രൂപ്പിന്റെ പ്രവർത്തനവും, പദ്ധതി പരിശോധിക്കുന്ന വിദഗ്ധ സമിതിയുടെ പ്രവർത്തനവും കാര്യക്ഷമമല്ല. രണ്ട് കമ്മറ്റികളിലും മുൻതുക്കം വിദഗ്ദർക്ക് അല്ല. പല സ്ഥലങ്ങളിലും പദ്ധതികൾ എഴുതി ഉണ്ടാകുന്നത് പഞ്ചായത്ത് ക്ലാർക്കുമാരുടെ പണിയാകുന്നു.

10. പദ്ധതി നടപ്പിലാക്കുക (Plan implimentation) എന്നാൽ പദ്ധതി പണം ചെലവാക്കാൽ (Plan expenditure) മാത്രമായി ചുരുങ്ങിയരിക്കുന്നു. പദ്ധതി വിലയിരുത്തൽ തുടർപരിപാടികൾ എന്നിവ നടക്കുന്നേ ഇല്ല.

11. പെർഫോർമൻസ് ഓഡിറ്റ് കാര്യക്ഷമമാകുന്നില്ല എന്നു മാത്രമല്ല പഞ്ചായത്തുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നുമുണ്ട്. കേവലമായ ഒരു ഉദ്യോഗസ്ഥ സംവിധാനം മാത്രമായി ഇതു മാറുന്നു.

12. തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന കൃഷിഭവൻ, മൃഗസംരക്ഷണം, ആരോഗ്യ സ്ഥാപനങ്ങൾ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയവയിൽ ഇപ്പോഴും രണ്ട് അധികാര നിയന്ത്രണങ്ങൾ നിലനിൽക്കുന്നു എന്നുള്ളതുകൊണ്ട് ഇവയുടെ പ്രയോജനം പൂർണ്ണമായും ഉപയോഗപ്പെടുത്താൻ ഗ്രാമപഞ്ചായത്തുകൾക്ക് കഴിയുന്നില്ല.

13. പട്ടികജാതി, പട്ടികവർഗ്ഗ വികസനകാര്യത്തിൽ കുറെയേറെ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും കൂടുതൽ പണം മാറ്റിവയ്ക്കുകയും ചിലവഴിക്കുകയും ചെയ്യുന്നതിനപ്പുറം ദീർഘവീക്ഷണത്തോടുകൂടിയുള്ള വിദഗ്ധ ആസൂത്രണം(ഋളളശരശലിഇ ജഹമിിശിഴ) ഉണ്ടാകുന്നില്ല. ഈ വിഭാഗങ്ങളുടെ സാമൂഹ്യദൃശ്യത ഉറപ്പുവരുത്താൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല.

14. വനിതാഘടക പദ്ധതി ഉണ്ടാക്കുന്ന വർക്കിങ്ങ് ഗ്രൂപ്പിൽപോലും പുരുഷന്മാരുടെ എണ്ണമാണ് കൂടുതൽ. പല പദ്ധതികൾ എഴുതുന്നതും നടപ്പിലാക്കുന്നതും പുരുഷന്മാർ തന്നെയാണ്.

15. ജന്റർ സ്റ്റാറ്റസ്സ് ഉയർത്തുന്നതിനുതകുന്ന ആസൂത്രണവും പദ്ധതികളും നിർദ്ദേശിക്കപ്പെട്ടിരുന്നുവെങ്കിലും നടപ്പിലാവുന്നില്ല.

16. എല്ലാവിധ ജനങ്ങളുമായി ബന്ധപ്പെടുന്ന സ്ഥാപനം എന്ന നിലയ്ക്ക് പൊതുജന സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് കമ്പ്യൂട്ടറൈസേഷൻ, ഫ്രന്റോഫീസ്, പൗരാവകാശരേഖ തുടങ്ങിയ കാര്യങ്ങൾ നിർദ്ദേശിക്കപ്പെട്ടിരുന്നുവെങ്കിലും ഇവ നടപ്പിൽ വരുത്തുവാനുള്ള കാലതാമസം വളരെയധികമാണ്. ഇവയൊക്കെ നടപ്പിലാക്കിയാലേ പ്രാദേശിക ഭരണം കാര്യക്ഷമമാകുകയുള്ളൂ എന്ന ബോധം ബഹുഭൂരിപക്ഷം ഭരണസമിതികൾക്കുമില്ല.

17. ഇപ്പോഴും കൃത്യമായ ഒരു പ്രവർത്തന നിർവ്വചനം നൽകാൻ കഴിയാത്ത സ്ഥാപനമാണ് ബ്ലോക്ക് തലം. പലപ്പോഴും പഞ്ചായത്തു വികസനത്തിന്റെ ആവർത്തനം മാത്രമാണ് ബ്ലോക്ക്തലത്തിലും നടക്കുന്നത്.

18. ഒരു ജില്ലയുടെ വികസനരംഗത്ത് നേതൃത്വം നൽകേണ്ടവരാണ് തങ്ങൾ എന്ന ബോധ്യം ഇപ്പോഴും ജില്ലാ പഞ്ചായത്തുകൾക്ക് ഉണ്ടായി വന്നിട്ടില്ല. ഉദ്ഗ്രഥിത വികസന സമീപനം 14 വർഷമായിട്ടും ഉൾക്കൊള്ളാൻ ജില്ലാ - ബ്ലോക്ക് ഘടകങ്ങൾക്കായിട്ടില്ല.

(തുടരും)

*(ഡോ. എം. എ ഉമ്മന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി ചൂണ്ടിക്കാണിച്ച ആസൂത്രണ പ്രവർത്തനങ്ങളുടെ പോരായ്മകൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ അടുത്ത ലക്കത്തിൽ വായിക്കുക.)*


# തെരഞ്ഞെടുപ്പ്

**കാതിക്കുടം, ഏലൂർ, കഞ്ചിക്കോട്...**

കേരളത്തിൽ അങ്ങോളമിങ്ങോളം ജനകീയ സമരസംഘടനകളും അവരുടെ പിന്തുണയുള്ള സ്ഥാനാർത്ഥികളും പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ. പുതിയൊരു രാഷ്ട്രീയ ഇടപെടലിന്റെ/ വിദ്യാഭ്യാസത്തിന്റെ ഉദയം ഇവരിലൂടെ സാധ്യമാക്കാൻ പൊതുസമൂഹത്തിന്റെ പിന്തുണ ആവശ്യപ്പെടുന്നു.

ബന്ധങ്ങൾക്ക്:
കാതിക്കുടം, 9745143069
ഏലൂർ, 9497202005